(ഇ) പ്രോജക്ട് അപ്രൂവൽ ബോർഡ് യോഗത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പിനെ പ്രതിനിധീകരിച്ച് ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയും ഉന്നത വിദ്യാഭ്യാസ കൗൺസിലിനെ പ്രതിനിധീകരിച്ച് റിസർച്ച് ഓഫീസർ ശ്രീ. ക്രിസ്റ്റി ക്ലമന്റും പങ്കെടുത്തു.

ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി, സ്പെഷ്യൽ സെക്രട്ടറി, ശ്രീ. ക്രിസ്റ്റി ക്ലമന്റ് എന്നിവരടങ്ങിയ സംഘത്തെയാണ് നിർദ്ദേശിച്ചിരുന്നതെങ്കിലും സർക്കാരിന്റെ ചെലവ് ചുരുക്കൽ നടപടിയുടെ ഭാഗമായി വകുപ്പിനെ പ്രതിനിധീകരിച്ച് സെക്രട്ടറി മാത്രം പങ്കെടുത്താൽ മതിയെന്ന് തീരുമാനിക്കുകയായിരുന്നു.

അദ്ധ്യാപക-ശിക്ഷക് സദനുകളിലെ വാടകയിളവ്

32 (2509) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അദ്ധ്യാപക ഭവൻ, ശിക്ഷക് സദൻ എന്നീ സ്ഥാപനങ്ങൾ എവിടെയെല്ലാം പ്രവർത്തിക്കുന്നുണ്ടെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ താമസിക്കുന്നതിന് വാടകയിൽ ഇളവ് ലഭിക്കുന്നത് ആർക്കെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(സി) വിദ്യാഭ്യാസ വകുപ്പിലെ മിനിസ്റ്റീരിയൽ ജീവനക്കാർക്കുകൂടി പ്രസ്തുത സ്ഥാപനങ്ങളിൽ വാടകയിളവ് അനുവദിക്കുന്നകാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ശിക്ഷക് സദനുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. തിരുവനന്തപുരം, എസ്.എം.വി.എച്ച്.എസ്.എസ്. കോമ്പൗണ്ട്

2. തിരുവനന്തപുരം, മെഡിക്കൽ കോളേജ് എച്ച്.എസ്. കോമ്പൗണ്ട്

3. എറണാകുളം, എസ്.ആർ.വി.എച്ച്.എസ്. കോമ്പൗണ്ട്.

4. തൃശ്ശൂർ, ജി.എച്ച്.എസ്.എസ്. ചാവക്കാട്

5. കോഴിക്കോട്, പൂന്താനം ജംഗ്ഷൻ

LIBRARY ARCHIVES Kerala Legislative Assembly

6. മലപ്പുറം, കോട്ടപ്പടി ഠൗൺ ഹിൽ)

7. പാലക്കാട്, മേട്ടുപാളയം റോഡ്

8. കണ്ണൂർ, കാൾടെക്സ് ഗവ. റ്റി.റ്റി.ഐ. ഫോർ മെൻ

9. ഇടുക്കി, കുമിളി ഗവ.എച്ച്.എസ്.എസ്. കോമ്പൗണ്ട്

തിരുവനന്തപുരം,എറണാകുളം, മലപ്പുറം എന്നിവിടങ്ങളിൽ അദ്ധ്യാപകഭവനുകൾ പ്രവർത്തിക്കുന്നു.

(ബി) സർവ്വീസിലുള്ളവരും സർവ്വീസിൽനിന്നും വിരമിച്ചവരുമായ അദ്ധ്യാപകർക്ക് ശിക്ഷക് സദനുകളിൽ സർവ്വീസ് ചാർജ്ജിൽ ഇളവ് നൽകുന്നുണ്ട്. കേരളത്തിലെ എല്ലാ സർക്കാർ എയ്ഡഡ് മേഖലയിലെ അദ്ധ്യാപകർക്കും വിരമിച്ച അദ്ധ്യാപകർക്കും അദ്ധ്യാപകഭവനിൽ വാടകയിൽ ഇളവ് അനുവദിക്കുന്നുണ്ട്.

(സി) വാടകയിളവ് അനുവദിക്കുന്നകാര്യം തീരുമാനിച്ചിട്ടില്ല.

അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ മാനേജ്മെന്റുകളുടെ ചൂഷണം

33 (2514) ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. സാജു പോൾ :
ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപക-അനദ്ധ്യാപക വിഭാഗങ്ങൾ മാനേജ്മെന്റുകളുടെ കഠിനമായ ചൂഷണത്തിന് വിധേയമാവുകയാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇവരുടെ സംരക്ഷണത്തിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് വിശദമാക്കാമോ ;

(സി) ഇതു സംബന്ധിച്ച സർക്കാർ ഉത്തരവുകൾ മറികടക്കുന്നതിന് പിരിച്ചുവിടലും മറ്റ് കൂടുക്കുവഴികളും മാനേജ്മെന്റുകൾ സ്വീകരിക്കുന്നതായി ഉയർന്നിട്ടുള്ള പരാതി പരിശോധിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly